## പത്രക്കുറിപ്പ്

# യുവാക്കളെ ആക്രമിച്ച് സ്വർണ്ണമാലയും മൊബൈൽ ഫോണും കവർച്ച ചെയ്ത രണ്ടുപേർ പിടിയിൽ

# പരോളിൽ ഇറങ്ങിയ ശിക്ഷാ പ്രതി വീട്ടമ്മയെ ആക്രമിച്ച കേസ്സിൽ പിടിയിൽ

# വധശ്രമക്കേസ്സ് പ്രതി അറസ്റ്റിൽ

തിരുവനന്തപുരം :- കഴക്കൂട്ടം മേനംകുളത്ത് ബൈക്കിൽ യാത്ര ചെയ്തു വന്ന യുവാക്കളെ ആക്രമിച്ച് സ്വർണ്ണമാലയും മൊബൈൽ ഫോണും കവർച്ച ചെയ്ത മൂന്നംഗ സംഘത്തിലെ രണ്ടുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മേനംകുളം കൽപ്പന കോളനി നിവാസികളായ റാംബോ രഞ്ജിത്ത് എന്ന് വിളിക്കുന്ന രഞ്ജിത്ത് (32), വിഷ്ണു (23) എന്നിവരെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്.



കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത രഞ്ജിത് (32), വിഷ്ണു (23)

ചൊവ്വാഴ്ച ഉച്ചയ്ക്ക് 12.00 മണിയ്ക്കാണ് സംഭവം നടന്നത്. ഇന്ത്യ ബുൾസ് എന്ന സ്ഥാപനത്തിലെ എക്സിക്യൂട്ടിവായ ശാന്തനുവും സുഹൃത്ത് സുജിത്തും ബൈക്കിൽ സഞ്ചരിച്ചു വരവെ, രഞ്ജിത്തിന്റെ നേതൃത്വത്തിലുള്ള മൂന്നംഗ സംഘം മേനംകുളം കോൺഫിഡന്റ്

ഫ്ലാറ്റിന് സമീപത്ത് വച്ച് തടഞ്ഞു നിർത്തി വടി കൊണ്ട് അടിക്കുകയും ശാന്തനുവിന്റെ കഴുത്തിൽ കിടന്ന ഒരു പവന്റെ സ്വർണ്ണമാലയും വിലപിടിപ്പുള്ള മൊബൈൽ ഫോണും കവർച്ച ചെയ്ത് കടന്നു കളയുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളെക്കുറിച്ച് അസ്സി. കമ്മീഷണർ ഡി.കെ.പൃഥ്വിരാജിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കഴക്കൂട്ടം എസ്.എച്ച്.ഒ പ്രവീൺ, എസ്.ഐ-മാരായ വിമൽ, വിഷ്ണു, സി.പി.ഒ-മാരായ അരുൺ.എസ്.നായർ, സുജിത്ത്, കൃഷ്ണകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. ഈ കേസ്സിൽ ഒളിവിൽ കഴിയുന്ന പ്രതിയെ പിടികൂടാൻ അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## പരോളിൽ ഇറങ്ങിയ ശിക്ഷാപ്രതി വീട്ടമ്മയെ ആക്രമിച്ച കേസ്സിൽ പിടിയിൽ

തിരുവനന്തപുരം :- സെൻട്രൽ ജയിലിൽ നിന്നും പരോളിൽ ഇറങ്ങിയ ശിക്ഷാപ്രതിയെ, കരിയ്ക്കകത്തുള്ള വീട്ടിൽ അതിക്രമിച്ച് കയറി വീട്ടമ്മയെ ആക്രമിച്ച കേസിൽ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കരിയ്ക്കകം വിനായക നഗർ ബിന്ദു ഭവനിൽ ഉച്ചി മനു എന്ന് വിളിക്കുന്ന മനു (38)-നെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്.


പേട്ട പോലീസ് അറസ്റ്റ് ചെയ്ത മനു (38)

വ്യാഴാഴ്ച രാത്രി 8.30-നാണ് സംഭവം നടന്നത്. കരിയ്ക്കകം വിനായക നഗറിലെ ശ്രീലതയുടെ വീട്ടിൽ അതിക്രമിച്ച് കയറിയ പ്രതി അവരെ അസഭ്യം പറയുകയും ഇരുമ്പുകമ്പി കൊണ്ട് ആക്രമിക്കാൻ

ശ്രമിക്കുകയും ജനൽചില്ല് അടിച്ചു തകർക്കുകയും ചെയ്യുകയായിരുന്നു. ഇയാൾ രാത്രികാലങ്ങളിൽ ഈ വീടിന് സമീപം അനാവശ്യമായി നിൽക്കുന്നത് ശ്രീലതയുടെ മരുമകൻ ചോദ്യം ചെയ്തതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം.

കൊല്ലം എഴുകോൺ പോലീസ് സ്റ്റേഷനിലെ ഒരു കൊലക്കേസ്സിൽ ശിക്ഷിക്കപ്പെട്ട് തിരുവനന്തപുരം സെൻട്രൽ ജയിലിൽ ശിക്ഷ അനുഭവിച്ച് വന്നിരുന്ന ഇയാൾ കഴിഞ്ഞ മെയ് മാസത്തിലാണ് പരോളിൽ ഇറങ്ങിയത്. ആഗസ്റ്റ് 15-വരെ ഇയാൾക്ക് പരോൾ കാലാവധി ഉണ്ടായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ പേട്ട എസ്.എച്ച്.ഒ ബിനുകുമാർ, എസ്.ഐ രതീഷ്, സി.പി.ഒമാരായ അരുൺ, അരുൺകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## വധശ്രമക്കേസ്സ് പ്രതി അറസ്റ്റിൽ

തിരുവനന്തപുരം:- തൃപ്പാദപുരത്ത് മദ്ധ്യ വയസ്കനെ കല്ല് കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ആറ്റിപ്ര തൃപ്പാദപുരം മേലെകിഴക്കുംകര വീട്ടിൽ കൃഷ്ണകുമാർ (43)-നെ യാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്.


കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത കൃഷ്ണകുമാർ (43)

ജൂലൈ 1-നാണ് സംഭവം നടന്നത്. തൃപ്പാദപുരം ജംഗ്ഷന് സമീപം വച്ച് സ്ഥലവാസിയായ തങ്കമോനെ പ്രതി ഇന്റർലോക്ക് കല്ല് കൊണ്ട് തലയ്ക്കടിച്ച്

വീഴ്ത്തുകയും കാൽമുട്ടിന് താഴെ ഇടിച്ച് എല്ല് പൊട്ടിക്കുകയുമായിരുന്നു. മുൻവൈരാഗ്യമാണ് ആക്രമണത്തിന് കാരണം. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ അന്വേഷിച്ചു വരവെ അസ്സി. കമ്മീഷണർ ഡി.കെ.പൃഥ്വിരാജിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കഴക്കൂട്ടം എസ്.എച്ച്.ഒ പ്രവീൺ, എസ്.ഐ-മാരായ വിമൽ, വിഷ്ണു, സി.പി.ഒ-മാരായ അരുൺ.എസ്.നായർ, സുജിത്ത്, കൃഷ്ണകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
21-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി